**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4652** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വം ഭൂമി തരംമാറ്റുന്നതിനായി സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ദേവസ്വം ഭൂമി സൗജന്യമായി തരംമാറ്റുന്നതിന് സ്വീകരിച്ച നടപടിയുടെ നിജസ്ഥിതി അറിയിക്കുമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് വില്ലേജിൽ സർവ്വേ നം. 129 / 14 പെട്ടതും ഗുരുവായൂർ ദേവസ്വം ബോർഡിൻറെ ഉടമസ്ഥതയിൽപെട്ടതുമായ 0.2012 ഹെക്ടർ ഭൂമി പൊതുആവശ്യം എന്ന രീതിയിൽ ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സൗജന്യമായി തരം മാറ്റം ലഭിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫിസർക്ക് 13.12.2020 ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്റ്റേറ്റർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയത് പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ റവന്യൂവകുപ്പ്, ദേവസ്വം വകപ്പിന് ഫയൽ നൽകുകയും ആയതു പരിശോധിച്ച് ടി ഭൂമി പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് കണക്കാക്കാവുന്നതാണെന്ന അഭിപ്രായം രേഖപ്പെടുത്തി ടി വകുപ്പിന് ഫയൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട് . ആയത് നിലവിൽ റവന്യു വകുപ്പിന്റെ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികളും അവ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നുള്ള വിവരങ്ങളും വിശദമാക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് വില്ലേജിൽ സർവ്വേ നം. 129 / 14 പെട്ടതും ഗുരുവായൂർ ദേവസ്വം ബോർഡിൻറെ ഉടമസ്ഥതയിൽപെട്ടതുമായ 0.2012 ഹെക്ടർ ഭൂമി പൊതുആവശ്യം എന്ന രീതിയിൽ ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സൗജന്യമായി തരം മാറ്റം ലഭിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫിസർക്ക് 13.12.2020 ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്റ്റേറ്റർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയത് പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ റവന്യൂവകുപ്പ്, ദേവസ്വം വകപ്പിന് ഫയൽ നൽകുകയും ആയതു പരിശോധിച്ച് ടി ഭൂമി പൊതു ആവശ്യത്തിന്റെ പരിധിയിൽ |

| | | | |
|---|---|---|---|
| | | | വരുന്നതാണെന്ന് കണക്കാക്കാവുന്നതാണെന്ന അഭിപ്രായം രേഖപ്പെടുത്തി ടി വകുപ്പിന് ഫയൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട് . ആയത് നിലവിൽ റവന്യു വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ